# പരിപ്പ് കുന്നുംപുറം ധർമ്മശാസ്താ ക്ഷേത്രം
# ശാന്തിയുടെ മഹാ സന്നിധാനം

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പരിപ്പ് മേജർ ശ്രീ മഹാ ദേവക്ഷേത്രത്തിന്റെ ഉപദേവതകളിൽ, ശാന്തിയുടേയും, സമാധാനത്തിന്റെയും, അഭയകേന്ദ്ര മായി ശബരീശനു തുല്യനായി വിളങ്ങുന്ന ദേവനാണ് കുന്നുംപുറത്ത് ധർമ്മശാസ്താവ്. കോട്ടയം പട്ടണത്തിനു പടിഞ്ഞാറായി ഒളശ്ശയോടു തൊട്ടുകിടക്കുന്ന ഒരു ഗ്രാമമാണ് പരിപ്പ്. ഒരു കാലത്ത് തെക്കുംകൂർ രാജാക്കന്മാരുടെ ഇടപ്രഭുക്കന്മാരായ രണ്ടു രാജാക്കന്മാരുടെ ഭര ണത്തിലായിരുന്ന ''ഭരിപ്പ്'' ദേശമാണ് കാലാന്തരത്തിൽ പരിപ്പായി തീർന്നത്. പരശുരാമൻ പ്രതിഷ്ഠിച്ച 108 ശിവാലയങ്ങളിൽ ഒന്ന് പരിപ്പിലാണെന്നു പറഞ്ഞാൽ അതിന്റെ പെരുമ ഉഹിക്കാവുന്നതേയുള്ളൂ.

പ്രസ്തുത ദേശത്തിന്റെ ഏതാണ്ട് മധ്യഭാഗത്തായി അതിമനോഹരമായ ഒരു കുന്നും, കുന്നുംപുറത്ത് ഒരു ശാസ്താക്ഷേത്രവുമുണ്ട്. ഈ ക്ഷേത്രം എങ്ങിനെ ഉണ്ടായി എന്നുള്ളതാണ് വിഷയം.

തെക്കുംകൂർ രാജാക്കന്മാർ ഒളശ്ശയിൽ രാജധാനി സ്ഥാപിച്ച് ഭരണം തുടങ്ങി.യ കാലത്ത് പരിപ്പുദേശം, പ്രമാണിമാരായ നായന്മാരുടേയും, ഭക്തകേസരികളും, മഹാമാന്ത്രിക രുമായ, കാളകാട് ഇല്ലം, ചേടിക്കുളം ഇല്ലം തുടങ്ങിയ, ഇല്ലങ്ങളിലെ വേദ പണ്ഡിതന്മാരായ ചില നമ്പൂതിരിമാരുടേയും, അതുപോലെ വിദ്യാഗുരുക്കന്മാരായ, നന്ദാവനത്തിൽ പിഷാരട മാരുടേയും ആവാസകേന്ദ്രമായിരുന്നു. ഇക്കാലത്ത്, തമിഴ് ബ്രാഹ്മണ കുടുംബങ്ങൾ ഒന്നും തന്നെ ഈ ദേശവാസികളായി ഉണ്ടായിരുന്നില്ല. തെക്കുംകൂർ രാജ്യം മാർത്താണ്ഡവർമ്മ മഹാരാജാവ് പിടിച്ചടക്കുകയും, തന്മൂലം ദേശം നഷ്ടപ്പെട്ട തെക്കുംകൂർ ഭരണാധികാരികൾ ദേശം വിട്ടുപോവുകയും ചെയ്തു.

ആ കാലഘട്ടത്തിൽ ഒരു പരദേശ ബ്രാഹ്മണകുടുംബം, പരിപ്പിൽ വന്ന് താമസമുറ പ്പിച്ചു. തെക്കുംകൂറിന്റെ ഇടപ്രഭുക്കൾ ഇവർക്ക് താമസസൗകര്യവും, സ്ഥലവും, ജീവിതം കഴിയാനുള്ള സമ്പത്തും കൊടുത്ത് ആ കുടുംബത്തെ പുണ്യമെന്നുകരുതി താമസിപ്പിക്കുക യാണ് ഉണ്ടായത്. ഈശ്വരഭക്തന്മാരും ധർമ്മിഷ്ഠരുമായ ഈ കുടുംബക്കാരുടെ വരവ് നാടിനും ഐശ്വര്യ അഭിവൃദ്ധികൾക്ക് ഇടയാക്കി. നാട്ടുപ്രമാണിമാരും, നമ്പൂതിരിമാരും ഈ പരദേശ ബ്രാഹ്മണ കുടുംബത്തിന്റെ അഭിവൃദ്ധിയിൽ സന്തുഷ്ടരുമായിരുന്നു. കാലാന്തര ത്തിൽ ഏതാനും തമിഴ് ബ്രാഹ്മണ കുടുംബങ്ങൾകൂടി ഈ ദേശത്ത് താമസത്തിന് എത്തി ച്ചേർന്നു.

ഇതിൽ ആദ്യം പരിപ്പിലെത്തിയ ബ്രാഹ്മണകുടുംബം മണോമ്മാടം എന്ന നാമധേ യത്തിൽ ഇന്നും പരിലസിക്കുന്നു. പൗരാണിക കാലത്തെ സ്ഥിതിയും ഐശ്വര്യവും, അഭി മാനകരമായ ജീവിതം നയിച്ചുപോകാൻ അവരെ സഹായിച്ചിരുന്നു. ഈ കുടുംബക്കാർ ഈശ്വരഭക്തിയിൽ അദ്വീതിയരായിരുന്നു. എന്നാൽ കാലക്രമത്തിൽ ഓരോ ബ്രാഹ്മണകുടും ബങ്ങളും നശിക്കാൻ തുടങ്ങിയപ്പോഴും മണോമ്മാടത്തിന് മാത്രം വീഴ്ച താഴ്ചകൾ ഉണ്ടാ യിട്ടില്ല. പക്ഷേ കാലാന്തരംകൊണ്ട് ഈ വിഷമതകൾ മണോമ്മാടം കുടുംബത്തെയും ബാധിച്ചു. മറ്റു ബ്രാഹ്മണകുടുംബങ്ങൾക്ക് ധനനഷ്ടങ്ങൾ മൂലം വീഴ്ചകൾ ഉണ്ടായപ്പോൾ മണോമ്മാടം കുടുംബത്തിന് സന്താന നാശമാണ് ഉണ്ടായത്. കുടുംബത്ത് ഓരോരുത്തരായി മൺമറഞ്ഞ് ഒടുവിൽ ഒരു ഭാര്യയും ഭർത്താവും മാത്രം അവശേഷിച്ചു. ഈ ഭാര്യാഭർത്താ ക്കന്മാർ മധ്യവയസ്സ് പിന്നിട്ടിട്ടും സന്താനങ്ങൾ ഉണ്ടാകാതെ കുടുംബം അന്യംനിന്നു പോകു മല്ലോ എന്ന ക്ലേശത്തോടെയും, ഒരു സന്താനമെങ്കിലും ഉണ്ടായി കുടുംബം നിലനിൽക്ക ണമെ എന്നുള്ള പ്രാർത്ഥനയോടെയും അനേകം പുണ്യകർമ്മങ്ങൾ ചെയ്തുപോന്നു. പക്ഷെ, ഫലം ഒന്നും ഉണ്ടായില്ല. അങ്ങനെയിരിക്കെ ഒരിക്കൽ ഈ ദമ്പതികൾക്ക് ശബരിമല ധർമ്മശാസ്താവിനെ ഭജിച്ചാൽ സന്താനങ്ങൾ ഉണ്ടാകും എന്ന് സ്വപ്നദർശനം ഉണ്ടായി. ഏതായാലും ആ കൊല്ലം മകരസംക്രാന്തിക്ക് ആ ബ്രാഹ്മണൻ ശബരിമല ദർശനം നടത്തി. പിന്നീട് ആ ദർശനം ആണ്ടുതോറുമുള്ള പതിവാക്കി. മൂന്നുനാലുവർഷം കഴിഞ്ഞപ്പോൾ ആ ദമ്പതികളുടെ ആഗ്രഹം സാധിച്ചു. ശുഭലക്ഷണത്തോടുകൂടി ഒരു ആൺകുട്ടി ജനിച്ചതോടു കൂടി അവരുടെ അയ്യപ്പഭക്തിയും വർദ്ധിച്ചു. മൂത്തപുത്രനെ തുടർന്ന് മൂന്ന് ആൺകുട്ടികൾ കൂടി ആ ദമ്പതികൾക്ക് ഉണ്ടായി. എന്നിട്ടും ശബരിമലക്കുള്ള പോക്ക് അദ്ദേഹം മുട്ടിച്ചില്ല. കുട്ടികൾ ആരോഗ്യ ദൃഢഗാത്രരായി വളർന്നുവന്നതോടൊപ്പം, പ്രായാധിക്യംകൊണ്ട് പിതാ

വിന്റെ ശക്തിയും ക്ഷയിച്ചുതുടങ്ങി. ശരീരക്ഷീണം വർദ്ധിച്ചുവന്നതോടെ ഇനി ഏതുവിധത്തിലാണ് ശബരിമലക്കുപോവുക എന്നായി അദ്ദേഹത്തിന്റെ ചിന്ത. പ്രത്യേകിച്ച് ആ കാലത്ത്, കാടുംമേടും താണ്ടി ദിവസങ്ങളോളം നടന്നാലെ അയ്യപ്പസവിധത്തിൽ എത്തുകയുള്ളൂ. ഏതായാലും ഈ വിധ ചിന്തകളാൽ ക്ലേശിച്ച് വളരെപ്രയാസപ്പെട്ട് അക്കൊല്ലം ശബരിമലയിലെത്തി. മടങ്ങുന്ന സമയത്ത് പതിനെട്ടാംപടിയിൽ തലതല്ലി വിലപിച്ചു. ആ സമയം, ശബരിമല വലിയ വെളിച്ചപ്പാട് അയ്യപ്പചൈതന്യം ഉൾക്കൊണ്ട് ബ്രാഹമണന്റെ അരികിലെത്തി, ഒരു ശിലയും, ചൂരൽ വടിയും സമ്മാനിച്ച് അരുൾചെയ്തു. ഈ ശിലയും, വടിയും തിരിച്ച് നാട്ടിൽ എത്തിയാൽ അടുത്തുള്ള കുന്നിൻമുകളിൽ കൊണ്ടുപോയി വെച്ച് നിത്യപൂജകൾ നടത്തുക. ഞാൻ അവിടെയുണ്ട് ഇനി ഇങ്ങോട്ടു നടന്ന് ബുദ്ധിമുട്ടേണ്ടതില്ല. എന്നും അരുളപ്പാടുണ്ടായി. ബ്രാഹ്മണൻ ഇതുരണ്ടും വാങ്ങി തിരിച്ചുപോന്നു. തിരിച്ചുവരുന്ന വഴിക്ക് തന്നെ ആ കുന്നിൽ കയറി ഈ ശില അവിടെ എടുത്തുവച്ച്, വടി അതിൽ ചാരിവച്ച്, മഠത്തിലെത്തി. കാര്യങ്ങളെല്ലാം ഭാര്യയെയും മക്കളെയും അയൽക്കാരെയും എല്ലാം അറിയിച്ചു. പിന്നീട് കുളിയും കഴിഞ്ഞ് കുന്നിൽ തിരിച്ചെത്തി പൂജാകാര്യങ്ങൾ ചെയ്തു. പിന്നീട് ആ ബ്രാഹ്മണൻ മരിക്കുവോളം ദിവസേന പൂജകാര്യങ്ങൾ നടത്തിപ്പോന്നു. പിന്നീട് പൂജകാര്യങ്ങളെല്ലാം താറുമാറായി എങ്കിലും ശാസ്താവിന്റെ പൂജയ്ക്ക് ഭംഗം വരുന്നത് കുടുംബത്തിന് ദോഷമാകുമെന്നുകരുതി അടുത്തുള്ള ശിവക്ഷേത്രത്തിലേക്ക് ശാസ്താവിന്റെ ഈ ശിലാചൈതന്യം ആവാഹിച്ച് കൊണ്ടുപോയി ഇരുത്തി പൂജ കഴിച്ചുപോന്നു. ഈ ശാസ്താവ് ഇന്നും പരിപ്പിലെ ശിവക്ഷേത്രത്തിലെ മതിൽകെട്ടിനുള്ളിൽ ഉപദേവനായിട്ട് ഉണ്ട്. പൂജയും നടന്നുവരുന്നു. പക്ഷെ, നാട്ടിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരുന്ന ആപത്തുകൾ ആ ബ്രാഹ്മണകുടുംബത്തെയും ഗ്രസിച്ചു. പ്രശ്നവശാൽ കുന്നുംപുറത്ത് ശാസ്താവിന്റെ തൃപ്തികുറവാണെന്ന് കണ്ടെത്തി. പിന്നീട് നാട്ടുകാർ മുൻകൈ എടുത്ത് ക്ഷേത്രം പണികഴിപ്പിച്ച്, പഴയപടി ഈ ശിലയിൽ പൂജകാര്യങ്ങൾ ചെയ്തുപോന്നു. താമസിയാതെ ദേവസ്വം ബോർഡ് ഈ ക്ഷേത്രം ഏറ്റെടുത്തു.  ശബരിമലയിൽ എന്തെല്ലാം പൂജാവിധികൾ ഉണ്ടോ, അതെല്ലാം ഇവിടെയും ഉണ്ട്. പിൽക്കാലത്ത് ഗണപതിപ്രതിഷ്ഠയും, മാളികപ്പുറത്തമ്മ, നാഗരാജാവ്, തുടങ്ങിയ ദേവകളും ഇവിടെ പ്രതിഷ്ഠിക്കപ്പെട്ടു. ശാസ്താവിന്റെ അന്നത്തെ ശിലതന്നെ ഇന്നും പൂജിച്ചുവരുന്നു. വേറെ പ്രാണപ്രതിഷ്ഠ ഇവിടെ നടന്നിട്ടില്ല. അതിന്റെ ആവശ്യമില്ല എന്നും പറയപ്പെടുന്നു.  ദിവസവും രാവിലെ ഒരുനേരം പൂജയുണ്ട്. വൃശ്ചികമാസം ഒന്നാം തീയതി മുതൽ മകരവിളക്കു കഴിയുന്നതുവരെ രണ്ടുനേരം പൂജയുണ്ട്. ധനുമാസം ഒന്നാം തീയതി തൊട്ട് പതിനൊന്നുദിവസവും അഷ്ടാഭിഷേകവും, വൈകിട്ട് ദീപാരാധനയും ദീപകാഴ്ചകളും ഉണ്ട്.

ദേശവിളക്ക്, തീയാട്ട്, ആഴിപൂജ, മഹാപ്രസാദം ഊട്ട്,  മുതലായവയും നടന്നുവരുന്നു. ഇതുകൂടാതെ മണോമ്മാടം മൂലകുടുംബക്കാരും പിന്നീട് പിരിഞ്ഞുപോയി ഇന്ത്യയുടെ നാനാഭാഗത്തും കഴിഞ്ഞുപോരുന്ന കുടുംബക്കാർ ഒരു ദിവസം ഒത്തുചേർന്ന് സമൂഹപ്രാർത്ഥനയും, അഭിഷേകം, കലശം, അന്നദാനം തുടങ്ങി ഒരുദിവസത്തെ പൂജയും മുടങ്ങാതെ നടത്തിവരുന്നു. ഇഷ്ടസന്താന ലബ്ധിക്കുവേണ്ടി ഈ തിരുനടയിൽ വന്ന് പ്രാർത്ഥിച്ച് ആഗ്രഹപൂർത്തിയിലെത്തിയ അനുഭവസ്ഥരും ധാരാളം.

ദേവസ്വം ബോർഡിന്റെ മുൻപ്രസിഡന്റ് ഡോ. എൻ ബാബു പ്രത്യേക താല്പര്യമെടുത്ത്, ഉദ്ദേശം മൂന്നര ലക്ഷം രൂപ ചെലവിട്ട് ക്ഷേത്രത്തിന്റെ അറ്റകുറ്റപണികളും, ചുറ്റുമതിൽ, പതിനെട്ടാം പടി മുതലായവയും തീർക്കുകയുണ്ടായി. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ശബരിമല സീസണിൽ ഭക്തജനങ്ങൾക്ക് ഇവിടെ എത്തിച്ചേരാനും അതുവഴി ബോർഡിന്റെ നടവരവും വർദ്ധിപ്പിക്കാനും കഴിയും. ആരാധിക്കുന്നവർക്ക് ആരാധ്യനായ ഈ ദേവന്റെ മുൻപിൽ അയ്യപ്പൻ കടാക്ഷിച്ച് ഉണ്ടായിട്ടുള്ള സന്താനപരമ്പരയിൽപെട്ട ഈ എളിയവന്റെ പ്രണാമങ്ങൾ.

ANANDA RAM .K
Geethanjali, Chenappady
Parippu P.O,  Kottayam